**<u>സീറോ വേസ്റ്റ് on ഗ്രൗണ്ട് പദ്ധതി റിപ്പോർട്ട്</u>**

**<u>ഗാർഹിക അവസ്ഥ പഠനം</u>**

ഗാർഹിക അവസ്ഥ പഠനം സീറോ വേസ്റ്റ് എന്ന പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത വാർഡുകൾ ആയാ 5 8 9 10 11 12 13 20 23 27 എന്നീ വാർഡുകൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ ഇനിയും രണ്ട് വാർഡുകളിൽ സർവേ നടന്നുകൊണ്ടിരിക്കുകയാണ്.

ഗാർഹിക അവസ്ഥ പഠനം നടത്തിയ വാർഡുകളിൽ നിന്നും മാലിന്യ സംസ്കരണം ഉപാധികൾ ഉപയോഗിക്കുന്നവർ എത്രയാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. അതിൻറെ റിപ്പോർട്ട് താഴെ രേഖപ്പെടുത്തിയിട്ടുണ്ട്.

| Ward no | Ward name | Total no of House hold | ജൈവ മാലിന്യ സംസ്കരണം | |
|---|---|---|---|---|
| | | | ഉള്ളവർ | ഇല്ലാത്തവർ |
| 2 | Bus Stand ward | 181 | 126 | 55 |
| 5 | Ampathupalayam | 284 | 238 | 22 |
| 8 | Vadakethara | 148 | 147 | 1 |
| 9 | Naramkuzhi | 210 | 178 | 32 |
| 10 | Kizhakithara | 118 | 72 | 36 |
| 11 | Kandathara | 240 | 224 | 11 |
| 12 | Koshathara | 295 | 289 | 2 |
| 13 | Kacherimedu | 158 | 150 | 8 |
| 20 | Kunnathupalayam | 349 | 256 | 93 |
| 23 | Paruthikavu | 289 | 244 | 39 |
| 27 | Kadavalavu | 267 | 258 | 9 |

__വാർഡ് തല പദ്ധതി വിശദീകരണം__

സീറോ വേസ്റ്റ് ഗ്രൗണ്ട് എന്ന പദ്ധതി ആവിഷ്ക്കരിക്കുന്നത് 2 5 8 9 10 11 12 13 17 18 20 23 27 എന്നീ വാർഡുകളാണ്.

ഈ വാർഡുകളിലെ കൗൺസിലർ കുടുംബശ്രീ അങ്കം എഡിഎസ് ആശാവർക്കർ അംഗനവാടി ടീച്ചർ മറ്റും റിട്ടേഡ് അധ്യാപകർ പിന്നെ  വാർഡിലെ മറ്റ് അംഗങ്ങൾ എന്നിവരെ ഉൾക്കൊള്ളിച്ചാണ് ഈ പദ്ധതി വിശദീകരിച്ചത്.

__ഓരോ വാർഡിലെ പദ്ധതി വിശദീകരണം__

- 1.06. 2018 എന്ന തീയതിയിൽ പതിമൂന്നാം വാർഡായ കച്ചേരി മേട് അംഗനവാടിയിൽ 15 പേർ അടങ്ങിയ ഒരു ഗ്രൂപ്പിൽ കുടുംബശ്രീ എഡിഎസ് ആശാവർക്കർ ഹരിത കർമ്മ സേന അംഗം അംഗനവാടി ടീച്ചർ എന്നിവ ഉൾക്കൊള്ളുന്ന  ഗ്രൂപ്പിനാണ് പദ്ധതിയെ കുറിച്ച് വിശദീകരിച്ചു കൊടുത്തു.

- 2. 6. 2018 3pm കോശ തറ അംഗനവാടിയിൽ കുടുംബശ്രീ എഡിഎസ് ആശാവർക്കർ ഹരിതകർമ്മ സേന അംഗങ്ങൾ എന്നിവർ ഉൾക്കൊള്ളുന്ന 15 പേർ ചേർന്ന് പന്ത്രണ്ടാം വാർഡിലെ ഒരു ഗ്രൂപ്പിന് സീറോ വേസ്റ്റ് പദ്ധതി ആവശ്യകതയെ കുറിച്ച് വിശദീകരിച്ചു കൊടുക്കുകയും അവരുടെ ആശയങ്ങൾ പരസ്പരം ചർച്ച ചെയ്യുകയും ചെയ്തു.

- 2 .06.2018 ഉച്ചക്ക് 2 മണിയോട് കൂടി ബസ് സ്റ്റാൻഡ് വാർഡായ  രണ്ടാം രണ്ടാം വാർഡിലെ അംഗനവാടിയിൽ കുടുംബശ്രീ കൗൺസിലർ ആശാവർക്കർ എഡിഎസ് അംഗനവാടി ടീച്ചർ മറ്റം  വാർഡിലെ അംഗങ്ങൾ എന്നിങ്ങനെ പതിനാറോളം ആളുകൾ വാർഡ് തല പദ്ധതി വിശദീകരണം  പരിപാടിയിൽ പങ്കെടുത്തു.

- എട്ടാം വാർഡിലെ  10.06.2018 വടക്കന്തറ ക്ഷേത്ര ഹാളിൽ നടന്ന വാർഡ് സഭയിൽ സീറോ വേസ്റ്റ് എന്ന പദ്ധതിയെക്കുറിച്ച് വിശദീകരിച്ചുകൊടുക്കുകയും അവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കുകയും ചെയ്തു കുടുംബശ്രീ ആശാവർക്കർ അംഗനവാടി ടീച്ചർ കൗൺസിലർമാർ മറ്റും വാർഡിലെ അംഗങ്ങൾ എന്നിങ്ങനെ 75ഓളം പേർ പങ്കെടുക്കുകയുണ്ടായി.

- 14 6 2018 മംഗല്യ ഹാളിൽ പതിനൊന്നാം വാർഡിലെ വാർഡ് സഭ നടത്തിയതിൽ 44 അംഗങ്ങളാണ് പങ്കെടുത്തത് അതിൽ എഡിഎസ് ആശാവർക്കർ റിട്ടയേഡ് ഉദ്യോഗസ്ഥന്മാർ കുടുംബശ്രീ അംഗങ്ങൾ ഹരിത സേന അംഗങ്ങൾ മറ്റം വാർഡിലെ അംഗങ്ങളും പങ്കെടുത്തിരുന്നു .

- 15 6 2018  10 am അഞ്ചാം വാർഡിലെ ഒരംഗത്തിൻറെ വീട്ടിൽവെച്ചാണ് സീറോ വേസ്റ്റ് പദ്ധതി വിശദീകരണ പരിപാടി നടന്നത് അതിൽ 16 ഓളം ആളുകൾ പങ്കെടുക്കുകയുണ്ടായി കുടുംബശ്രീ ആശാവർക്കർ എഡിഎസ് കൗൺസിലർ എന്നിവരാണ് പങ്കെടുത്തവർ. അവർക്ക് ഈ പദ്ധതിയെ കുറിച്ച് ഒരു അവബോധം നൽകുകയുണ്ടായി ഇതിലൂടെ ആ വാർഡിലെ മാലിന്യ നിക്ഷേപിച്ച് സ്ഥലം കണ്ടെത്തുകയും  നേരിട്ടുപോയി

പരിശോധിക്കുകയും ചെയ്തു അത് പിന്നീട് വാർഡ് തല നോഡൽ ഓഫീസർമാർക്ക് അറിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു

- 15 6 2018 ഉച്ചയ്ക്ക് മൂന്നരയോടെ ഗുരു സ്വാമിയാർ മഠത്തിൽ വച്ച് ഇരുപത്തി മൂന്നാം വാർഡിലെ വാർഡ് സഭ നടത്തിയതിൽ 20 പേർ പങ്കെടുക്കുകയുണ്ടായി അതിൽ സീറോ വേസ്റ്റ് പദ്ധതി വിശദീകരിക്കുകയും അതിൻറെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്തു.

- 15.06.2018 പത്താം വാർഡിലെ 43 അംഗങ്ങൾ പങ്കെടുത്ത വാർഡ് സഭയിൽ സീറോ വേസ്റ്റ് എന്ന പദ്ധതി വിശദീകരിച്ചു കൊടുക്കുകയുണ്ടായി അതിനെക്കുറിച്ച്  അവരുടെ അഭിപ്രായങ്ങൾ ചർച്ചചെയ്യുകയുംഅതിലുണ്ടായിരുന്ന ഒരു അങ്കം ചോദിച്ച സംശയം ഇങ്ങനെയായിരുന്നു എങ്ങനെ നമ്മുടെ ഭവനങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം  ഇല്ലാതാക്കാൻ അത് നിത്യജീവിതത്തിൽ പ്രായോഗികമാണോ എന്നതായിരുന്നു ?സംശയം അതിന് ഉത്തരം ഇതായിരുന്നു സ്മാർട്ട് ഷോപ്പിംഗ് എന്ന് വെച്ചാൽ മാസത്തിൽ പത്ത് പതിനഞ്ച് തവണ നമ്മളെല്ലാവരും   കടകളിൽ പോയി സാധനങ്ങൾ വാങ്ങുന്നവരാണ് അത് രണ്ടോമൂന്നോ ആയി കുറയ്ക്കുക  മാസത്തിൽ ഒരു തവണ ലിസ്റ്റ് ഉണ്ടാക്കി സാധനം വാങ്ങുവാൻ ശ്രമിക്കാം അതിലൂടെ നമ്മുടെ വീട്ടിൽ വരുന്ന പ്ലാസ്റ്റിക് കവറുകളുടെ യും സാധനങ്ങളുടെയും എണ്ണങ്ങൾ കുറയാൻ സാധിക്കും ഇത് ഒരുപരിധിവരെ നമ്മളുടെ വീട്ടിലെ മാലിന്യങ്ങൾ കുറയ്ക്കുവാൻ സാധിക്കും എന്നിങ്ങനെ പല ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരുടെ സംശയങ്ങൾ വ്യക്തമാക്കിക്കൊടുത്തു.

- 16 6 2018 എന്ന തിതിയിൽ 17, 18 എന്നീ വാർഡുകളിൽ വാർഡ് സഭകൾ നടന്നിരുന്നു. പതിനേഴാം വാർഡിലെ വാർഡ് സഭ G G H S School വെച്ചാണ് നടന്നത് നാൽപ്പതോളം ആളുകൾ പങ്കെടുക്കുകയും അവർക്ക് ഇതിനെ കുറിച്ച് അവബോധം നൽകുകയും ചെയ്തു ഇതിൽ ആശാവർക്കർ എഡിഎസ് കുടുംബശ്രീ അംഗങ്ങൾ  റിട്ടയേഡ് ഉദ്യോഗസ്ഥർ എന്നിവരുമുണ്ടായിരുന്നു. അതുപോലെതന്നെ തെക്കേ ഗ്രാമം  എൽപി സ്കൂളിൽ പതിനെട്ടാം വാർഡിലെ വാർഡ് സഭ നടത്തിയത് ഇതിൽ കുടുംബശ്രീ അംഗങ്ങൾ ആശാവർക്കർ എഡിഎസ് മറ്റംഗങ്ങൾ എന്നിങ്ങനെ  മുപ്പതോളം ആളുകൾ പങ്കെടുത്തിരുന്നു ഈ പദ്ധതി വിശദീകരിക്കുകയും അവരുടെ ആശയങ്ങൾ പങ്കുവെക്കുകയും ചർച്ചചെയ്യുകയും അതോടൊപ്പം തന്നെ ഈ പദ്ധതിയുടെ ലക്ഷ്യം വിശദീകരിക്കുകയും ചെയ്തു.

- 16.06.2018 4.pm പത്താം വാർഡ് ഐഎസിൻറെ വീട്ടിൽ വെച്ച് സീറോ വെയ്സ്റ്റ് എന്ന പദ്ധതി വിശദീകരണ പരിപാടി നടത്തി അതിൽ എഡിഎസ് ആശാവർക്കർ  വിവിധ കുടുംബശ്രീ അംഗങ്ങൾ എന്നിങ്ങനെ 24 അംഗങ്ങൾ പങ്കെടുത്തു അവരുടെ പ്രശ്നങ്ങളെക്കുറിച്ചും മാലിന്യം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ചും അവർക്ക് ബോധവൽക്കരണം നൽകുകയുണ്ടായി.

- ഇരുപതാം വാർഡിലെ കുന്നത്തുപാലം അംഗനവാടിയിൽ വെച്ചാണ് സീറോ വേസ്റ്റ് എന്ന പദ്ധതി വിശദീകരണ പരിപാടി നടത്തിയത് അതിൽ കുടുംബശ്രീ അംഗങ്ങൾ ആശാവർക്കർ അംഗനവാടി ടീച്ചർ റിട്ടയേഡ് ഉദ്യോഗസ്ഥന്മാർ മറ്റം വാർഡിലെ പ്രവർത്തനങ്ങളെ സപ്പോർട്ട് ചെയ്യുന്ന അംഗങ്ങൾ എന്നിങ്ങനെ 16 ഓളം ആളുകൾ ഈ പരിപാടിയിൽ പങ്കെടുത്തു മാലിന്യ പ്രശ്നങ്ങളെക്കുറിച്ച് അവർക്ക് ബോധവൽക്കരണം കൊടുക്കുകയും ഈ പദ്ധതിയുടെ ലക്ഷ്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു.

- 27  വാർഡിലെ വാർഡ് കൗൺസിലറുടെ വീട്ടിൽവെച്ചാണ് സീറോ വേസ്റ്റ് പദ്ധതി

വിശദീകരണം പരിപാടി നടത്തിയത് 23 പേരോളം ഇതിൽ പങ്കെടുത്തു കുടുംബശ്രീ ആശാവർക്കർ എഡിഎസ്  മറ്റം അംഗങ്ങൾ എന്നിവരാണ് പങ്കെടുത്തത് പദ്ധതിയുടെ ആവശ്യകതയെയും പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ചും അവർക്ക് ബോധ്യപ്പെടുത്തുകയും അവരുടെ ആശയങ്ങൾ ചോദിച്ചറിയുകയും അവരിൽ നിന്ന് തന്നെ പരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു.

**<u>സ്വാപ്പ് ഷാപ്പ്</u>**

★ ഹെൽത്ത് ഡിപ്പാർട്ട്മെൻറ് കുടുംബശ്രീ അംഗങ്ങളുടെയും നേതൃത്വത്തിൽ 25.05.2018 എന്ന തീതിയിൽ അണിക്കോട് ജംഗ്ഷന് സമീപമുള്ള മുൻസിപ്പാലിറ്റിയുടെ  ബിൽഡിങ്ങിലാണ് സ്വാപ്പ് ഷാപ്പ് പരിപാടി നടത്തിയത്  അതിൽ കൂടുതലായും തുണികളും ചെരുപ്പുകൾ ബാഗുകൾ മറ്റും  സാധനങ്ങളും ഉണ്ടായിരുന്നു.

★ ഹെൽത്ത് ഡിപ്പാർട്ട്മെൻറ് കുടുംബശ്രീ അംഗങ്ങളുടെയും നേതൃത്വത്തിൽ25 6 2018 രാവിലെ 10 മണിക്ക്  മുൻസിപ്പാലിറ്റി ചെയർമാൻ അധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്തു തത്തമംഗലത്ത് ബസ് സ്റ്റാൻഡിനു സമീപമുള്ള മുൻസിപ്പാലിറ്റി ബിൽഡിങ്ങിൽ സ്വാപ്പ് ഷോപ്പ് ആരംഭിച്ചു അതിൽ കൂടുതലും കുട്ടികൾക്കും വലിയവർക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും എന്നിവർക്കുള്ള വസ്ത്രങ്ങളും ചെരുപ്പുകളും ബാഗുകളും ഉണ്ടായിരുന്നു.

**എന്ന്**

**രജിഷ സി**

**( സീറോ വേസ്റ്റ് ഗ്രൗണ്ട്  കോഡിനേറ്റർ ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി)**